**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3806** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസികളുടെ ഇടയിൽ ബാലവിവാഹം നിരോധിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസികളുടെ ഇടയിൽ പരമ്പരാഗത ആചാരപ്രകാരം പതിനെട്ട് വയസ് തികയാത്തവരുടെ വിവാഹം നടക്കുന്നതായി പറയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം ബാലവിവാഹം നടത്തുന്നവരുടെ പേരിൽ പോക്സോ നിയമപ്രകാരം കേസ് എടുത്ത് ശിക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | ഇവരുടെ ഇടയിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം ബോധവൽക്കരണ പദ്ധതികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | എസ്.റ്റി. പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവർ മുഖേനയും സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർ മുഖേനയും കുട്ടികൾക്കും മുതിർന്നവർക്കും ബോധവൽക്കരണ ക്ലാസ്സുകളും ഡി.എൽ.എസ്.എ.യുടെ സഹകരണത്തോടെ അഭിഭാഷകരുടെ സേവനം പ്രയോജനപ്പെടുത്തി ഉന്നതികളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.<br><br>ബാലവിവാഹം മുഖ്യപ്രമേയമായി DLSA മുഖേന "ഇഞ്ച" എന്ന സിനിമ നിർമ്മിക്കുകയും വയനാട് ജില്ലയിൽ വ്യാപകമായി പ്രദർശിപ്പിച്ച് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്.<br><br>വനം-പോലീസ് വകുപ്പ്, ലീഗൽ സർവ്വീസ് വോളന്റീയർമാർ എന്നിവരുടെ സേവനവും പരിപാടികൾക്കായി പ്രയോജനപ്പെടുത്താറുണ്ട്.<br><br>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും, പ്രീമെട്രിക് ഹോസ്റ്റലുകളിലേയും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സും നൽകാറുണ്ട്. |
| (ഡി) | പരമ്പരാഗത ആചാര പ്രകാരം നടത്തുന്ന വിവാഹം നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വിവാഹശേഷം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിനായി പ്രോജക്ട് ഓഫീസുകൾ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ മുഖേനയും എസ്.റ്റി |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർ, സോഷ്യൽ വർക്കർ എന്നിവർ മുഖേനയും ബോധവൽക്കരണം നടത്തിവരുന്നു. വിവാഹ ധനസഹായം നല്കുന്നതിന് വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ